<u>**15 -ാം കേരള നിയമസഭ**</u>

<u>**13 -ാം സമ്മേളനം**</u>

<u>**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 352**</u> <u>**18-03-2025 - ൽ മറുപടിയ്ക്ക്**</u>

<u>**സംരംഭക സഹായ പദ്ധതി**</u>

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. ചാണ്ടി ഉമ്മൻ</td><td colspan="2">ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>സംരംഭക സഹായ പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ വിശദമാക്കുമോ;</td><td>(എ)</td><td>വ്യവസായ മേഖലയിലെ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനായി സംരംഭക സഹായ പദ്ധതി (ഇ.എസ്.എസ്) 2012 മുതൽ നടപ്പിലാക്കി വരുന്നു. ഈ പദ്ധതി പ്രകാരം ഉല്പാദന മേഖലയിലെ സംരംഭങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 15% മുതൽ 45% വരെ പരമാവധി 40 ലക്ഷം രൂപ വരെ ധനസഹായം നൽകുന്നു. പ്രാരംഭ സഹായം, നിക്ഷേപ സഹായം, സാങ്കേതിക സഹായം എന്നീ മൂന്ന് ഘട്ടങ്ങളായാണ് സഹായം നല്കുന്നത്.<br><u>1. പ്രാരംഭ സഹായം (Start-up Support)</u><br><br>ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും സ്ഥിര മൂലധന വായ്പ എടുത്ത് ആരംഭിക്കുന്ന സംരംഭങ്ങൾക്ക് അനുവദനീയമായ സഹായത്തിന്റെ 50% പരമാവധി മൂന്ന് ലക്ഷം രൂപ സ്ഥാപനം ആരംഭിക്കുന്നതിന് മുൻപായി ധനസഹായം നൽകുന്നു.<br><br><u>2. നിക്ഷേപ സഹായം (Investment Support)</u><br><br>സ്ഥിര മൂലധനനിക്ഷേപങ്ങൾക്ക് താഴെപ്പറയുന്ന രീതിയിൽ ധനസഹായം നൽകുന്നു.<br><br>
<table>
<tr><th>ക്രമ നം.</th><th>വിഭാഗം</th><th>സഹായം</th></tr>
<tr><td>1</td><td>ജനറൽ</td><td>15% (പരമാവധി 30 ലക്ഷം രൂപ)</td></tr>
<tr><td>2</td><td>വനിത/എസ്.സി./<br><br>എസ്.ടി/<br><br>യുവസംരംഭകർ/NRK സംരംഭകർ</td><td>25% (പരമാവധി 40 ലക്ഷം രൂപ)</td></tr>
<tr><td>3</td><td>മുൻഗണന വിഭാഗത്തിൽപ്പെടുന്ന വ്യവസായങ്ങൾ</td><td>10% (പരമാവധി 10 ലക്ഷം രൂപ) അധിക</td></tr>
</table>
</td></tr>
</table>

<table>
<tr>
<td></td>
<td></td>
<td></td>
<td>
<table>
<tr><td></td><td></td><td>ധനസഹായം നൽകുന്നു.</td></tr>
<tr><td>4</td><td>ഇടുക്കി, വയനാട്, പത്തനംതിട്ട, കാസർഗോഡ് എന്നീ ജില്ലകളിൽ തുടങ്ങുന്ന സംരംഭങ്ങൾ</td><td>10% (പരമാവധി 10 ലക്ഷം രൂപ) അധിക ധനസഹായം നൽകുന്നു.</td></tr>
</table>
നിക്ഷേപ സഹായം ലഭിക്കുന്നതിന് യൂണിറ്റ് ഉൽപാദനം ആരംഭിച്ച് ഒരു വർഷത്തിനകം അപേക്ഷ സമർപ്പിക്കേണ്ടതാണ്.
3. <u>സാങ്കേതികവിദ്യാ സഹായം (Technical Support)</u>
സർക്കാർ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും സാങ്കേതിക വിദ്യ കരസ്ഥമാക്കിയിട്ടുള്ള സ്ഥാപനങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 10% പരമാവധി 10 ലക്ഷം രൂപ അധിക സബ്സിഡി നൽകുന്നു.
സംരംഭ സഹായ പദ്ധതി പ്രകാരം ഒരു യൂണിറ്റിന് ലഭിക്കുന്ന പരമാവധി ആനുകൂല്യം 40 ലക്ഷം രൂപ യാണ് .
</td>
</tr>
<tr>
<td>(ബി)</td>
<td>പ്രസ്തുത പദ്ധതിയുടെ ഭാഗമായി 2024-25 സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതമായ 58.5 കോടി രൂപയിൽ പകുതി മാത്രമേ നാളിതുവരെ അപേക്ഷകർക്ക് അനുവദിച്ചിട്ടുള്ളൂ എന്ന കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ;</td>
<td>(ബി)</td>
<td>ഗൗരവത്തോടെ കാണുന്നുണ്ട്. 2024-25 വർഷത്തെ ബജറ്റിൽ "സംരംഭക സഹായ പദ്ധതി" ക്ക് 58.5 കോടി രൂപ വകയിരുത്തിയിരുന്നു. 31/8/2024 തീയതിലെ സ.ഉ.(പി)നം.76/2024/ധന ഉത്തരവ് പ്രകാരം പദ്ധതി വിഹിതം 29.25 കോടി രൂപ ആയി പുനക്രമീകരിക്കുകയും അതിൽ ഇത് വരെ 28.59 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്.</td>
</tr>
<tr>
<td>(സി)</td>
<td>അനുമതി നൽകിയ അപേക്ഷകൾക്ക് തുക നൽകാൻ സാധിക്കാത്ത സാഹചര്യം നിലവിലുണ്ടോ; വിശദമാക്കാമോ?</td>
<td>(സി)</td>
<td>സംരംഭക സഹായ പദ്ധതി പ്രകാരം അനുമതി നൽകിയ അപേക്ഷകൾക്ക് പദ്ധതി പുനക്രമീകരണ ഉത്തരവ് പ്രകാരം തുക നൽകാൻ സാധിക്കാത്ത സാഹചര്യം നിലവിൽ ഉണ്ട്. ബഡ്ജറ്റ് വിഹിതത്തിന്റെ ലഭ്യതയ്ക്കനുസൃതമായി പദ്ധതി തുക വിതരണം ചെയ്യുന്നതാണ്.</td>
</tr>
</table>

സെക്ഷൻ ഓഫീസർ